# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4707 05.02.2014-ൽ മറുപടിയ്ക്ക്

## കലാകാരൻമാരുടെ ക്ഷേമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ. | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| കലാകാരന്മാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേ ണ്ടി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | കലാകാരൻമാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനുംവേണ്ടി സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. അവ അനുബന്ധം (I) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം (1)

<u>സാംസ്കാരികവകുപ്പ്:</u> കലാകാരന്മാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി പ്രതിമാസം 650/ രൂപ നിരക്കിൽ കലാകാര പെൻഷൻ അനുവദിക്കുന്നുണ്ട്. അതോടൊപ്പം അവശ കലാകാരൻമാർക്ക് ചികിത്സാ ധനസഹായം നൽകുന്ന പദ്ധതിയും സാംസ്കാരിക വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

<u>കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്:</u> കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്, ക്ഷേമനിധി ആക്ട് നിഷ്കർഷിക്കും പ്രകാരം ഒരു ക്ഷേമ പദ്ധതി ആവിഷ്കരിച്ച് അതിൻ പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ കൈക്കൊണ്ടു വരുന്നു. ക്ഷേമനിധിയിൽ അംഗത്വമെടുത്ത് തുടർച്ചയായി കുറഞ്ഞത് 5 വർഷമെങ്കിലും അംശാദായം അടച്ചിട്ടുള്ള കലാ സാംസ്കാരികപ്രവർത്തകർക്ക് 60 വയസ്സ് കഴിഞ്ഞാൽ ക്ഷേമനിധി പെൻഷൻ ലഭിക്കുന്നതാണ്. അതോടൊപ്പം 60 വയസ്സ് കഴിഞ്ഞ കലാസാംസ്കാരിക പ്രവർത്തകർ അഞ്ചുവർഷത്തെ അംശാദായം ഒറ്റത്തവണയായി അടച്ചാൽ, അവർക്ക് ക്ഷേമനിധി പെൻഷന് അർഹതയുണ്ട്. നിലവിൽ പ്രതിമാസം 1000 രൂപ വീതമാണ് പെൻഷൻ നൽകിവരുന്നത്. (ഇപ്പോൾ 1140 പേർക്ക് പെൻഷൻ നല്കിവരുന്നു.) പെൻഷൻ ലഭിച്ചുവരുന്ന അംഗം മരണപ്പെട്ടാൽ കുടുംബപെൻഷന് അർഹതയുണ്ട്. ഇവയ്ക്കു പുറമേ, ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നവർക്ക് ഒരു നിശ്ചിത കാലയളവിലേക്ക് അംശ ദായം അടച്ചിരിക്കണമെന്ന വ്യവസ്ഥയിൽ ചികിത്സാ സഹായം, അംഗങ്ങളുടെ മക്കൾ ക്ക് വിദ്യാഭ്യാസാനുകൂല്യം, അംഗങ്ങളുടേയോ, അംഗങ്ങളുടെ മക്കൾക്കോ വിവാഹ ധനസഹായം, അംഗങ്ങൾക്ക് പ്രസവാനുകൂല്യം, അംഗങ്ങൾ മരിച്ചു കഴിഞ്ഞാൽ മരണാനന്തര സഹായം എന്നിവയ്ക്ക് അർഹതയുണ്ട്.

<u>ഫോക് ലോർ അക്കാഡമി:</u>

ഫോക് ലോർ അക്കാഡമി കലാകാരൻമാർക്ക് അവാർഡ്/ ഫെല്ലോഷിപ്പ്/ഗുരുപൂജ പുരസ്കാരങ്ങളുടെ തുക, ചികിത്സാധന സഹായം, കുട്ടികളുടെ നാടൻകലാ പരിശീലനത്തിന് നല്കിവരുന്ന സ്റ്റൈപ്പന്റ് തുക എന്നിവ ഇരട്ടിപ്പിച്ചിട്ടുണ്ട്. നാടൻ കലാ സംഗമം, നാടൻകലാമേളകൾ എന്നിവ സംഘടിപ്പിക്കുമ്പോൾ കലാകാരൻ മാരുടെ പ്രതിഫല തുക വർദ്ധിപ്പിച്ചിട്ടുണ്ട്.

<u>കേരള ലളിതകലാ അക്കാഡമി :</u>

കേരള ലളിതകലാ അക്കാഡമി നടത്തി വരുന്ന ക്യാമ്പുകളും ക്യൂറേറ്റഡ് എക്സിബിഷനുകളും, മറ്റ് എക്സിബിഷനുകളും വർക്കഷോപ്പുകളും മറ്റ് പരിപാടികളും എല്ലാം കലാകാരന്മാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും കൂടി ഊന്നൽ നൽകിയാണ് ചെയ്തു വരുന്നത്. കൂടാതെ കലാകാരൻമാർക്കുള്ള ചികിത്സാ ധനസഹായം, ഏകാംഗപ്രദർശന ധനസഹായം, കലാവിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എന്നിവയും നൽകി വരുന്നു. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ചികിത്സാ സഹായം ആവശ്യപ്പെട്ടുകൊണ്ട് അക്കാദമിയിൽ ലഭിക്കുന്ന ലളിതകലാ അക്കാദമിയുടെ കലാപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുള്ളവരും പ്രവർത്തിച്ചു വരുന്നവരുമായ കലാകാരൻമാർക്ക് അവരുടെ രോഗതീവ്രത കണക്കിലെടുത്ത് അക്കാദമിയുടെ നിർവ്വാഹകസമിതിയുടെ അംഗീകാരത്തിനു വിധേയമായി 10,000/ രൂപ വരെ ചികിത്സാ ധന സഹായം അക്കാദമിയിൽ നിന്നും അനുവദിച്ചു നല്കാറുണ്ട്. അശരണരും രോഗബാധിതരുമായ കലാകാരി/കലാകാരൻമാർ നിശ്ചിത ഫോറത്തിൽ അനുബന്ധ രേഖകൾ സഹിതം അയയ്ക്കുന്ന അപേക്ഷകൾ അക്കാദമിയുടെ ശുപാർശയോടെ സർക്കാരിൽ സമർപ്പിക്കുകയും ഇതുപ്രകാരം സർക്കാരിൽനിന്നും 10,000/ രൂപ ചികിത്സാധന സഹായം നല്കി വരുന്നുമുണ്ട്. രോഗത്തിന്റെ തീവ്രത പരിഗണിച്ച് ചില അപേക്ഷകളിൽ ചട്ടങ്ങളിൽ ഇളവ് നൽകി 25,000/ രൂപ വരെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

2. ചിത്രശില്പകലാ പ്രദർശനങ്ങൾക്ക് തിരഞ്ഞെടുക്കുന്ന 30 ഓളം കലാകാരൻമാർക്ക് ഓരോ വർഷവും 20,000/ രൂപ വീതം ധനസഹായം അനുവദിച്ചു വരുന്നു.

3. സർക്കാർ അംഗീകൃത ഫൈൻ ആർട്സ് കോളേജുകളിൽ പഠിക്കുന്ന അവസാന വർഷ എം.എഫ്.എ ബി.എഫ്.എ കലാവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ വർഷം തോറും നൽകി വരുന്നുണ്ട്. ബി.എഫ്.എ./ബി.വി.എക്ക് പഠിക്കുന്ന 5 വിദ്യാർത്ഥികൾക്ക് 5,000/ രൂപ വീതവും എം.എഫ്.എ/എം.വി.എ.ക്ക് പഠിക്കുന്ന 6 വിദ്യാർത്ഥികൾക്ക് 6,000/ രൂപ വീതവും നല്കി വരുന്നു.

<u>കേരള സാഹിത്യ അക്കാദമി:</u>

1. ശാരീരിക അവശതയനുഭവിക്കുന്ന സാഹിത്യകാരൻമാർക്കും കലാകാരൻ മാർക്കും പെൻഷൻ നല്കിവരുന്നു.

2. രോഗചികിത്സയ്ക്ക് സാമ്പത്തികശേഷിയില്ലാത്ത രോഗികളായ കലാകാരൻമാർക്കും സാഹിത്യകാരൻമാർക്കും ബന്ധപ്പെട്ട അക്കാദമിവഴി ചികിത്സാ ധനസഹായം നല്കിവരുന്നു.

3. സാംസ്കാരികപ്രവർത്തകക്ഷേമനിധി ഏർപ്പെടുത്തി അതിൽ അംഗത്വം എടുത്തവർക്ക് 60 വയസ്സ് മുതൽ പ്രതിമാസം 1000/ രൂപ വീതം പെൻഷൻ നല്കിവരുന്നു.

4. ഗ്രന്ഥപ്രസിദ്ധീകരണത്തിനുള്ള സാമ്പത്തിക സഹായം, രചനയ്ക്കുള്ള സ്കോളർഷിപ്പ് എന്നിവ സാഹിത്യ അക്കാദമി നല്കിവരുന്നു.

<u>സംഗീത നാടക അക്കാഡമി:</u>

സംഗീത നാടക അക്കാഡമി സാംസ്കാരികവകുപ്പുവഴി കലാകാരൻമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അക്കാദമി 642 പ്രൊഫഷണൽ നാടകകലാകരൻമാർക്ക് മെഡിക്ലെയിമും അപകട ഇൻഷ്വറൻസും നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി ക്ഷേത്രവാദ്യ കലാകാരൻമാർക്കും കഥാപ്രസംഗ രംഗത്തു ള്ള കലാകാരൻമാർക്കും നടപ്പിലാക്കി യിട്ടുണ്ട്.

<u>കേരള കലാമണ്ഡലം:</u>

ചെയർമാൻ റിലീഫ് ഫണ്ടിൽ നിന്നും അടിയന്തിര ചികിത്സാ സഹായം എന്ന നിലയ്ക്ക് അവശകലാകാരൻമാർക്ക് സാമ്പത്തികസഹായം നൽകി വരുന്നുണ്ട്.

Dupe Section Off